ഉത്തരം

(എ & ബി) റെയിൽവേയുടെ അംഗീകാരത്തോടെ ഗവൺമെന്റ് റെയിൽവേ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുവാനും റെയിൽ സുരക്ഷാ സേനയും ഗവൺമെന്റ് റയിൽവേ പോലീസും തമ്മിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സഹകരണം വർദ്ധിപ്പിക്കുവാനും റയിൽ അലർട്ട് സേവനത്തിന് ആവശ്യമായ പ്രചാരം നൽകാനും രാത്രി 7 മണിക്ക് ശേഷമുള്ള എല്ലാ പാസഞ്ചർ തീവണ്ടികളിലും സ്ത്രീകളുടെ കംപാർട്ട്മെന്റിനടുത്തുള്ള കംപാർട്ട്മെന്റുകളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ കംപാർട്ട്മെന്റുകളിലും പരാതിപ്പെട്ടി/പരാതി കാർഡ് സ്ഥാപിക്കാനും/ലഭ്യമാക്കാനും റെയിൽവേ ജീവനക്കാർക്ക് സ്ത്രീ യാത്രക്കാരുടെ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണം നൽകാനും ഓരോ സ്റ്റേഷനിലും സ്റ്റേഷൻ മാസ്റ്ററോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ വനിതാ കംപാർട്ട്മെന്റ് പരിശോധിക്കാനും യാത്രാക്കാരികൾക്ക് ആവശ്യമായ നിർദ്ദേശം നൽകാനും തീവണ്ടികളിലെ കച്ചവടക്കാരെയും വില്പനക്കാരെയും നിശ്ചിത കാലയളവുകളിൽ പരിശോധിക്കുവാനും വനിതാ കംപാർട്ട്മെന്റിന് പകരം ജനറൽ കംപാർട്ട്മെന്റുകളിൽ നിശ്ചിത എണ്ണം സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്യാനും അതുവരെ വനിതാ കംപാർട്ട്മെന്റ് ട്രെയിനിന്റെ മധ്യഭാഗത്താക്കാനുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കുവാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സമരം ചെയ്തവരെ അക്രമിച്ച സംഭവം

54 (1524) ശ്രീ. വർക്കല കഹാർ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനടക്കുന്ന നിയമനത്തട്ടിപ്പിനെതിരെ ജനുവരി 19-ാം തീയതി സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ അക്രമവും കല്ലേറും നടത്തിയ സംഭവത്തിൽ കുറ്റക്കാരായ ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ കേസ് ചാർജ് ചെയ്തിരുന്നുവോ ;

(ബി) ഇതിനോടനുബന്ധിച്ച് ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) സമാധാനപരമായി സമരം നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കിടയിലേക്ക് പ്രകോപനം കൂടാതെ അക്രമം നടത്താനും അവിടേക്ക് ജാഥ നടത്താനും അനുവദിച്ച പോലീസ് ഉദ്യോഗസ്ഥരുടെ വീഴ്ചയെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ ;

(ഡി) ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. അന്വേഷണം നടന്നുവരുന്നു.

(സി&ഡി) ഇക്കാര്യത്തിൽ പോലീസിന് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മലബാർ സിമന്റ്സിലെ ക്രമക്കേടുകൾ

55 (1525) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിലെ മുൻ കമ്പനി സെക്രട്ടറി വി. ശശീന്ദ്രന്റെയും മക്കളുടേയും ദുരൂഹമരണം സംബന്ധിച്ച അന്വേഷണം സി.ബി.ഐ.-ക്ക് വിടണമെന്ന് നിർദ്ദേശം സർക്കാർ പരിഗണിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തുതീരുമാനം കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) മലബാർ സിമന്റ്സിൽ നടക്കുന്നതായി ആരോപിക്കുന്ന ക്രമക്കേടുകളെകുറിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറുന്നതിനാവശ്യമായ തീരുമാനം എടുത്തിട്ടുണ്ട്.

(സി) വിജിലൻസ് അന്വേഷണം നിലവിലുണ്ട്.

മലബാർ സിമന്റ്സ് മുൻ കമ്പനി സെക്രട്ടറി ശശീന്ദ്രന്റെയും മക്കളുടെയും മരണം

56 (1526) ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സ് മുൻ കമ്പനി സെക്രട്ടറി ശശീന്ദ്രന്റെയും മക്കളുടെയും മരണവുമായി ബന്ധപ്പെട്ട കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഇതിന്റെ നമ്പരും പോലീസ് സ്റ്റേഷനും ഏത് വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ് ചെയ്തിരിക്കുന്നതെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly